compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഒക്ടോബർ 28
Tuesday, 28th October 2025

1201 തുലാം 11
11th Thulam 1201

1947 കാർത്തികം 6
6th Karthika 1947

വാല്യം 14
Vol. XIV

നമ്പർ **43**
No.

Part III

Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: സിന്ധു.ആർ, ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം)

ക്ഷീരവികസന വകുപ്പ് – തിരുവനന്തപുരം ജില്ല ഓഫീസ് – വർക്കല ബ്ലോക്ക് – ഒറ്റൂർ ക്ഷീര വ്യവസായ സഹകരണ സംഘം രജിസ്ട്രേഷൻ – കേരള സഹകരണസംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നം.DDTVM/20040/2021-DFI C തിരുവനന്തപുരം, തീയതി : 24/10/2025

പരാമർശം :- 1) ക്ഷീരവികസന വകപ്പ് ഡയറക്ടറുടെ 22/4/2015 തീയതിയിലെ സി2/5247/2015 നമ്പർ കത്ത്.
2) ഈ ഓഫീസിലെ 06/02/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
3) ലിക്വിഡേറ്ററുടെ 30/07/2025 തീയതിയിലെ DESU-TVMOVKLA/57/2025 DFI 2 നം.റിപ്പോർട്ട്.

ഉത്തരവ്

പരാമർശം (1) പ്രകാരം ജില്ലയിലെ പുനരുദ്ധരിക്കാൻ സാധ്യതയില്ലാത്തതും റെക്കോർഡുകൾ ലഭ്യമല്ലാത്തതുമായ ക്ഷീരസഹകരണസംഘങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പരാമർശം (2) പ്രകാരം വർക്കല ബ്ലോക്കിലെ ഒറ്റൂർ ക്ഷീരവ്യവസായസംഘത്തിൽ കേരള സഹകരണസംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുകയും പരാമർശം (3) പ്രകാരം ഒറ്റൂർ ക്ഷീരവ്യവസായ സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഒറ്റൂർ ക്ഷീരവ്യവസായ സംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

REGISTRATION CERTIFICATE

No. DDMPM/96/2025-C. *16th October 2025.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the Edapparambu Ksheerolpadaka Sahakarana Sangam Ltd. No. M 324(D) APCOS in Kondotty Taluk in Malappuram District is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye aforesaid undermentioned laws of the Society is also hereby registered under the said section. The registration number of the society is M 324 (D) APCOS. Date of Registration of Society is 24-9-2025.

തരംതിരിച്ചുള്ള പട്ടിക

സംഘത്തിന്റെ പേര്—എടപ്പറമ്പ് ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ 324 (ഡി) ആപ്കോസ്.

രജിസ്റ്റർ ചെയ്ത തീയതി—24-9-2025.

മേൽവിലാസം—എടപ്പറമ്പ് ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ 324 (ഡി) ആപ്കോസ്.

പോസ്റ്റാഫീസ്—മൊറയൂർ.

താലൂക്ക്—കൊണ്ടോട്ടി.

ജില്ല—മലപ്പുറം.

പ്രവർത്തന പരിധി—ഇതിന്റെ പ്രവർത്തനമേഖല മൊറയൂർ ഗ്രാമപഞ്ചായത്തിലെ 15, 16 വാർഡുകളിൽ ഉൾപ്പെട്ട മൊറയൂർ ടൗൺ, മൊറയൂർ, ഹൈസ്കൂൾപടി, എടപ്പറമ്പ്, പൂന്തലപ്പറമ്പ്, പോത്തുവെട്ടിപ്പാറ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതും

കിഴക്ക്—മൊറയൂർ ഗ്രാമപഞ്ചായത്തിലെ 4, 12, 14 വാർഡുകൾ.

തെക്ക്—മൊറയൂർ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡ്.

വടക്ക്—മൊറയൂർ ഗ്രാമപഞ്ചായത്തിലെ 3, 17 വാർഡുകൾ.

പടിഞ്ഞാറ്—കൊണ്ടോട്ടി മുനിസിപ്പാലിറ്റി

എന്നീ അതിരുകളായും വരുന്ന പ്രദേശങ്ങൾ.

ബാദ്ധ്യത—അടച്ചു തീർത്ത ഓഹരിക്ക് തുല്യം.

പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.

അംഗീകൃത ഓഹരി മൂലധനം—₹ 1,00,000.

സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം-676 505.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.28 03:48:30 +05:30